**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 303** | **27-06-2022 - ൽ മറുപടിയ്ക്ക്**

**വിലക്കയറ്റം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ എം എസ് അരുൺ കുമാർ, ശ്രീ ജി സ്റ്റീഫൻ, ശ്രീമതി യു പ്രതിഭ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ, ഡീസൽ, ഗാർഹികാവശ്യത്തിനുള്ള പാചകവാതക സിലിണ്ടർ എന്നിവയുടെ അടിക്കടിയുള്ള വില വർദ്ധനവും കേന്ദ്രനയത്തിന്റെ ഫലമായി ഭക്ഷ്യസാധനങ്ങൾ, ഭക്ഷ്യ എണ്ണ, മരുന്നുകൾ, നിർമ്മിത ഉല്പന്നങ്ങൾ എന്നിവയ്ക്ക് അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റവും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിലെ ജനങ്ങളുടെ പൊതുജീവിതത്തെ എങ്ങനെയെല്ലാം ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും, സപ്ലൈകോ ഉത്സവ സീസണുകളിൽ സംഘടിപ്പിക്കുന്ന മാർക്കറ്റുകളും, ഫെയറുകളും, റേഷൻകട വഴി PMGKAY പ്രകാരം ലഭിച്ച അധിക ഭക്ഷ്യധാന്യങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിതരണം നടത്തുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് വില 2016-ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. 2021 ലെ ക്രിസ്തുമസ് - ബക്രീദ് ഉത്സവകാലയളവിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി 14 ജില്ലകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ എത്തിച്ചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ഉത്പന്നങ്ങൾ വിതരണം ചെയ്തിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.<br><br>പൊതുവിപണിയിൽ സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും ആയതു വഴി വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും 'സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള' രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വില |

| | | | |
|---|---|---|---|
| | | | വർദ്ധനവിനെക്കുറിച്ച് പഠനം നടത്തി ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി ഒരു റിസർച്ച് അസിസ്റ്റന്റിനേയും ഒരു റിസർച്ച് ഓഫീസറേയും നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | രാജ്യത്താകെ ജനജീവിതം ദുസ്സഹമാവുകയും വൻ വിലക്കയറ്റം അനുഭവപ്പെടുകയും ചെയ്യുമ്പോൾ ഇത് തടഞ്ഞു നിർത്തുന്നതിനും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുമായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഉണ്ട്. സപ്ലൈകോയുടെ ശക്തമായ വിപണി ഇടപെടൽ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു പരിധിവരെ സഹായിക്കുന്നുണ്ട്. സപ്ലൈകോയുടെ വിപുലമായ വിൽപ്പനശൃംഖല മുഖേന വിതരണം നടത്തുന്ന 13 ഇനം സബ്സിഡി സാധനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും, സപ്ലൈകോ ഉത്സവ സീസണുകളിൽ സംഘടിപ്പിക്കുന്ന മാർക്കറ്റുകളും, ഫെയറുകളും, റേഷൻകട വഴി PMGKAY പ്രകാരം ലഭിച്ച അധിക ഭക്ഷ്യധാന്യങ്ങളും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിതരണം നടത്തുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് വില 2016-ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. 2021 ലെ ക്രിസ്തുമസ് - ബക്രീദ് ഉത്സവകാലയളവിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി 14 ജില്ലകളിലെ 700 കേന്ദ്രങ്ങളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ എത്തിച്ചേർന്ന് സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ള ശബരി ഉത്പന്നങ്ങൾ വിതരണം ചെയ്തിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്.<br><br>പൊതുവിപണിയിൽ സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും ആയതു വഴി വില നിയന്ത്രിക്കുന്നതിനും അതിന്റെ കാരണങ്ങൾ വിലയിരുത്തുന്നതിനും വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനും ‘സെന്റർ ഫോർ പ്രൈസ് റിസർച്ച് കേരള’ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വില വർദ്ധനവിനെക്കുറിച്ച് പഠനം നടത്തി ശുപാർശ സർക്കാരിനു നൽകുന്നതിനുവേണ്ടി ഒരു റിസർച്ച് അസിസ്റ്റന്റിനേയും ഒരു റിസർച്ച് ഓഫീസറേയും നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ